# "ക്ഷമയോടെ കാത്തിരിക്കുക"

## യെശയ്യാവു 64:4

"നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവന്നു വേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല."

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകം ഒന്നിനു വേണ്ടിയും കാത്തിരിക്കാൻ സമയമില്ലാത്ത രീതിയിൽ വ്യഗ്രതയോടെ ഓടുന്ന ജീവിതങ്ങളെ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. എന്നാൽ വചനം നമ്മെ വ്യക്തമായി ഓർമ്മിപ്പിക്കുന്നു തന്നേ കാത്തിരിക്കുന്നവർക്കു വേണ്ടി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്ന ഒരു ദൈവം വേറെയില്ല എന്ന്. അന്നും ഇന്നും എന്നും അവൻ പ്രവർത്തിക്കുന്നു, അവൻ ജീവിക്കുന്ന ദൈവമാണ്. അവന്റെ സമയത്തിനായി ക്ഷമയോടെ കാത്തിരിക്കുന്നവരെ അവൻ അനുഗ്രഹിക്കുക തന്നെ ചെയ്യും. പക്ഷെ അത് നമ്മൾ ആഗ്രഹിക്കുന്ന രീതിയിലും വഴികളിലും ആയിരിക്കില്ല. ലോകത്തിന്റെ മുമ്പിൽ നമ്മൾ പമ്പരവിഢികളായേക്കാം. എന്നാൽ നിന്റെ കാത്തിരിപ്പിനെ, നിന്റെ വിശ്വാസത്തെ, നിന്റെ പ്രത്യാശയെ മാനിക്കുന്ന ഒരു ദൈവമുണ്ട്. നിശ്ചയമായും അവൻ അവന്റെ സമയത്ത് അവന്റെ ഹിതം പോലെ പ്രവർത്തിക്കും. പൂർണ്ണമായി അവന്റെ കൈയ്യിൽ സമർപ്പിച്ചു കൊടുത്താൽ അവൻ തരുന്നത് എന്നും നമ്മുടെ നന്മയ്ക്കായിട്ടുള്ളതാണ്. അതിനെ നമ്മുടെ ബുദ്ധികൊണ്ട് അളക്കാൻ ശ്രമിക്കരുത്. നമുക്ക് ശുഭമായ ഭാവിയും പ്രത്യാശയും തരുന്നതാണ് അവന്റെ ആലോചനകൾ.

അതു കൊണ്ട് ഈ ദിവസങ്ങളിൽ നമുക്കും ക്ഷമയോടെ കാത്തിരിക്കുന്നവരാകാം. വിശ്വാസം ചോർന്നു പോകാതെ പ്രത്യാശയോടെ നമ്മുടെ ദൈവത്തിന്നായി കാത്തിരിക്കാം. അവന്റെ വിടുതലുകൾ ഏറ്റെടുക്കാനായി സമർപ്പിച്ചു കൊടുക്കാം. അവനിലല്ലാതെ മറ്റൊരു ആശ്രയം നമുക്കില്ല, ഉണ്ടാവാനും പാടില്ല. കാത്തിരുന്നു മടുക്കുമ്പോൾ സ്വന്തമായ തീരുമാനങ്ങളിലും അധികാരങ്ങളിലും ആശ്രയിക്കരുത്. അനുസരണയുള്ള കുട്ടിയെ പോലെ ഇരുത്തിയ ഇടത്തു ഇരിക്കാൻ ശ്രമിക്കാം. തീർച്ചയായും അവൻ നമ്മെ തേടി വരും. നമ്മെ അനുഗ്രഹിക്കുക തന്നെ ചെയ്യും.

പരാമർശം :

**യെശയ്യാവു 40:31**

“എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും”

## സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 014